**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി. ബെസ്സി സെബാസ്റ്റ്യൻ, ശ്രീമതി.രമ്യാ തോമസ്, ശ്രീ.വിമൽ വി എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒഎ-216/2016 കേസിലെ 24.01.2018 ലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 3131/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 13.12.2018

---

പരാമർശം :

1. നഗരകാര്യഡയറക്ടറുടെ 17.08.2015 തീയതിയിലെ 75/2014 നമ്പർ ഉത്തരവ്.
2. നഗരകാര്യഡയറക്ടറുടെ 27.01.2016 തീയതിയിലെ ഇ 3-20385/2015 നമ്പർ ഉത്തരവ്.
3. ശ്രീമതി. ബെസ്സി സെബാസ്റ്റ്യൻ, ശ്രീമതി.രമ്യാ തോമസ്, ശ്രീ.വിമൽ വി എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ-216/2016 കേസിലെന്റെ 24.01.2018 ലെ വിധിന്യായം
4. സീനിയർ ക്ലർക്കുമാരായ ശ്രീമതി. ബെസ്സി സെബാസ്റ്റ്യൻ, ശ്രീമതി.രമ്യാ തോമസ്, ശ്രീ.വിമൽ വി എന്നിവർ സർക്കാരിൽ സമർപ്പിച്ച 15.02.2018 തീയതിയിലെ നിവേദനങ്ങൾ.
5. നഗരകാര്യഡയറക്ടറുടെ 08.06.2018 തീയതിയിലെ ഇ 3-20383/15 നമ്പർ കത്ത്.

## ഉത്തരവ്

മുനിസിപ്പൽ കോമൺ സർവീസിലെ സീനിയോരിറ്റി അടിസ്ഥാനമാക്കി അർഹമായ പ്രമോഷൻ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സീനിയർ ക്ലർക്ക തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ബെസ്സി സെബാസ്റ്റ്യൻ, രമ്യാ തോമസ്, വിമൽ വി എന്നിവർ ഫയൽ ചെയ്ത ഒ.എ.നം.216/2016 കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 24.01.2018 ലെ ഉത്തരവ് പ്രകാരം, അപേക്ഷകർ സർക്കാരിൽ സമർപ്പിക്കുന്ന നിവേദനം Annexures MA2-വിന്റെ (26.10.2017 തീയതിയിലെ സ.ഉ(സാധാ)നം.3408/17/തസ്വഭവ) അടിസ്ഥാനത്തിൽ പരിശോധിച്ച് 3 മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. പരാമർശം 4 പ്രകാരമുള്ള നിവേദനത്തിൽ, ശ്രീമതി.ബെസ്സി സെബാസ്റ്റ്യൻ, ശ്രീമതി.രമ്യാ തോമസ്, ശ്രീ.വിമൽ വി എന്നിവർ ജില്ലാതല നിയമനപ്രകാരം

എൽഡിക്ലർക്കായി ജോലിയിൽ പ്രവേശിച്ചവരാണ് എന്നും, 5 വർഷം അതത് ജില്ലകളിൽ സേവനം പൂർത്തിയാക്കിയശേഷം അവരവരുടെ ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിച്ചതിനെത്തുടർന്ന് നഗരകാര്യ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം ആവശ്യപ്പെട്ട ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിച്ചുവെന്നും തുടർന്ന് സീനിയർ ക്ലർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിച്ചുവെന്നും അറിയിച്ചിരുന്നു. എന്നാൽ ജില്ലാതലത്തിൽ ജോലിയിൽ പ്രവേശിച്ച ടിയാളുകൾക്ക് മറ്റു ജില്ലകളിലേയ്ക്ക് തെറ്റായിട്ടാണ് സ്ഥലംമാറ്റം നൽകിയതെന്നും 5 വർഷം പൂർത്തിയാക്കിയ ശേഷമാണ് സ്ഥലംമാറ്റം നൽകിയതെങ്കിലും അന്തർജില്ലാ സ്ഥലംമാറ്റമാകയാൽ ടിയാളുകൾ സ്ഥലംമാറി എത്തിച്ചേർന്ന ജില്ലയിൽ നിലവിൽ ഏറ്റവും ജൂനിയറായിട്ടുള്ളയാളുടെ ജൂനിയറായിട്ടാണ് സീനിയോറിറ്റിയിൽ വരുന്നതെന്നതിനാൽ ടിയാളുകളുടെ നിലവിലെ സീനിയോറിറ്റി നഷ്ടമായിട്ടുണ്ട്. ടി കാരണത്താൽ 17.08.2015 ലെ നഗരകാര്യ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം ടിയാളുകളെ സീനിയർ ക്ലർക്ക തസ്തികയിൽ നിന്ന് തരംതാഴ്ത്തി നിയമിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെയാണ് ശ്രീമതി.ബെസ്സി സെബാസ്റ്റ്യൻ, ശ്രീമതി.രമ്യാ തോമസ്, ശ്രീ.വിമൽ വി എന്നിവർ സർക്കാരിൽ അപേക്ഷ നൽകിയിട്ടുള്ളത്.പ്രസ്തുത അപേക്ഷകൾ പ്രകാരം നഗരകാര്യഡയറക്ടറുടെ 17.08.2015 ലെ ഉത്തരവ് റദ്ദ് ചെയ്ത് മുനിസിപ്പൽ കോമൺ സർവീസിലെ സീനിയോരിറ്റി അടിസ്ഥാനമാക്കി അർഹമായ പ്രമോഷൻ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

3. നഗരകാര്യഡയറക്ടറുടെ പരാമർശം 5 ലെ റിപ്പോർട്ട് പ്രകാരം, 14.11.2006-ലെ സ.ഉ. (എം.എസ്)നം. 260/2006/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിലെ എൻടി കേഡർ തസ്തികയായ എൽ.ഡി. ക്ലാർക്ക് /ബിൽ കളക്ടർ തസ്തികയിലെ നിയമനം ജില്ലാതലമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. വയനാട് ജില്ലയിലെ ജില്ലാതല റിക്രൂട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ നിയമിതയായ ശ്രീമതി. ബെസ്സി സെബാസ്റ്റ്യൻ 09.02.2009-ൽ കൽപ്പറ്റ നഗരസഭയിലും, ഇടുക്കി ജില്ലയിലെ ജില്ലാതല റിക്രൂട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ നിയമിതരായ ശ്രീമതി. രമ്യാ തോമസ്, ശ്രീ. വിമൽ എന്നിവർ യഥാക്രമം 09.03.2009, 02.03.2009 എന്നീ തീയതികളിൽ തൊടുപുഴ നഗരസഭയിലും എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്. വയനാട് ജില്ലയിലെ ജില്ലാതല റിക്രൂട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ നിയമിതയായ ശ്രീമതി.ബെസ്സി സെബാസ്റ്റ്യൻ എറണാകുളം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. ഇടുക്കി ജില്ലയിലെ ജില്ലാതല റിക്രൂട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ നിയമിതയായ ശ്രീമതി. രമ്യാതോമസ് പത്തനംതിട്ട ജില്ലയിലേയ്ക്കും ശ്രീ. വിമൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലേയ്ക്കും സ്ഥലംമാറ്റം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. 07.11.1996 ലെ സർക്കാർ ഉത്തരവ് പ്രകാരം നിയമനം നേടിയ ജില്ലയിൽ 5 വർഷം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ബെസ്സി സെബാസ്റ്റ്യന് ടിയാരിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നോർത്ത് പറവൂർ നഗരസഭയിലേയ്ക്കും ശ്രീമതി. രമ്യാ തോമസ്, ശ്രീ. വിമൽ എന്നിവരെ ടി ഉത്തരവ് പ്രകാരം യഥാക്രമം അടൂർ, കൊല്ലം എന്നീ നഗരസഭകളിലേയ്ക്കും സ്ഥലംമാറ്റം നൽകി ഉത്തരവായിരുന്നു. 02.12.1991 ലെ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാതല റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് (ഹെഡ് ക്വാർട്ടേഴ്സ് ഒഴികെ) അന്തർജില്ല സ്ഥലംമാറ്റം മൂലം ടിയാളുകളുടെ നിയമനം ലഭിച്ച ജില്ലയിലെ സീനിയോറിറ്റി നഷ്ടമാകുന്നതാണെന്ന് 07.11.1996 ലെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

4. ശ്രീമതി.ബെസ്സി സെബാസ്റ്റ്യൻ, ശ്രീമതി. രമ്യാ തോമസ് എന്നിവർക്ക് നഗരകാര്യ ഡയറക്ടറുടെ 13.05.2015 ലെ ഇ 375/2014 നമ്പർ ഉത്തരവ് പ്രകാരവും, ശ്രീ. വിമൽ വി എന്നവർക്ക് നഗരകാര്യഡയറക്ടറുടെ 19.06.2015 ലെ ഇ 3-75/2014 നമ്പർ ഉത്തരവ് പ്രകാരവും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിച്ചിരുന്നു.ടി ഉദ്യോഗക്കയറ്റഉത്തരവുകൾ തികച്ചും താൽക്കാലികവും പുന:പരിശോധനാ വിധേയവുമായിരിക്കുമെന്ന് ടി ഉത്തരവിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.അന്തർജില്ലാ സ്ഥലംമാറ്റംമൂലം ടി ജീവനക്കാരുടെ സീനിയോറിറ്റി നഷ്ടമായത് ശ്രദ്ധയിൽപ്പെടാതെയാണ് മേൽ പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചത്. ടി അപാകത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 17.08.2015-ലെ ഇ 3-75/2014 നമ്പർ ഉത്തരവ് പ്രകാരം ക്ലാർക്ക് തസ്തികയിലേയ്ക്ക് തരംതാഴ്ത്തി ഉത്തരവായിട്ടുള്ളതാണ് എന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

5. ശ്രീമതി. ബെസ്സി സെബാസ്റ്റ്യൻ, ശ്രീമതി. രമ്യാതോമസ്, ശ്രീ. വിമൽ വി എന്നിവർ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷയല്ല സമർപ്പിച്ചിരിക്കുന്നതെങ്കിലും ടിയാളുകൾ പൊതുസ്ഥലംമാറ്റ അപേക്ഷ പ്രകാരം മറ്റൊരു ജില്ലയിലെ നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്നതിനാൽ ടിയാളുകളുടെ അപേക്ഷ പ്രകാരം നടത്തിയ സ്ഥലംമാറ്റത്തിലൂടെയാണ് സീനിയോറിറ്റി നഷ്ടമായിരിക്കുന്നത് എന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

6. സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ചു. 02.12.1991-ലെ സ.ഉ.(പി) നം. 36/91/P&ARD ന്റെ അടിസ്ഥാനത്തിലാണ് വിവിധ വകുപ്പുകളിൽ ജില്ലാതല നിയമനവ്യവസ്ഥയിൽ നിയമനം നേടി 5 വർഷ സർവ്വീസ് പൂർത്തിയായവർക്ക് എൻടി കേഡറിൽ അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ഹെഡ് ക്വോർട്ടേഴ്സ് (Head-quarters) ഒഴിവിൽ നിയമിക്കപ്പെടുന്ന ജില്ലാതല റിക്രൂട്ടികൾക്ക് മാത്രമേ അവർ തെരഞ്ഞെടുക്കപ്പെട്ട ജില്ലയിലേയ്ക്ക് സീനിയോറിറ്റി പരിരക്ഷയോടെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹതയുള്ളൂ. മറ്റ് തരത്തിലുള്ള അന്തർജില്ലാ സ്ഥലംമാറ്റങ്ങൾക്കെല്ലാം തെരഞ്ഞെടുക്കപ്പെടുന്ന ജില്ലയിൽ 5 വർഷ സർവ്വീസ് കഴിഞ്ഞാലും സർവ്വീസ് സീനിയോറിറ്റി നഷ്ടപ്പെടുന്നതാണ്. ശ്രീമതി. ബെസ്സി സെബാസ്റ്റ്യൻ, ശ്രീമതി. രമ്യാതോമസ്, ശ്രീ. വിമൽ വി എന്നിവർ ജില്ലാതല നിയമനപ്രകാരം എൽഡിക്ലർക്ക് തസ്തികയിൽ നിയമിതരായവരാണ്. 5 വർഷത്തിനുശേഷം അതേ തസ്തികയിൽ തുടരുമ്പോഴാണ് സ്വന്തം ജില്ലയിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിച്ചത് അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കുന്നതിനുപകരം പൊതുസ്ഥലംമാറ്റഅപേക്ഷയാണ് ടി ജീവനക്കാർ സമർപ്പിച്ചത്. 07.11.1996 ലെ ജി.ഒ(പി)നം.37/96/പി&എആർഡി ഉത്തരവ് പ്രകാരം ജില്ലാതല റിക്രൂട്ട്മെൻറ് വഴി നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം മൂലം, അവരുടെ പ്രൊമോഷൻ സംസ്ഥാനതലത്തിലുള്ള ലിസ്റ്റ് പ്രകാരമാണെങ്കിൽ കൂടി സീനിയോറിറ്റി നഷ്ടമാകുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. ജില്ലാതല നിയമന വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവർക്ക് എൻടി കേഡർ തസ്തികകളിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലയ്ക്ക് പുറത്ത് പൊതുസ്ഥലംമാറ്റം അനുവദനീയമല്ല. ഇവരുടെ സ്ഥലംമാറ്റം അന്തർജില്ലാ

സ്ഥലംമാറ്റ വ്യവസ്ഥകൾക്ക് വിധേയമാണെന്ന സത്യവാങ്മൂലം ടിയാളുകളിൽ നിന്നും വാങ്ങിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടില്ല. മാത്രമല്ല, നഗരകാര്യഡയറക്ടർ പുറപ്പെടുവിച്ച സ്ഥലംമാറ്റ ഉത്തരവിൽ അത് അന്തർജില്ലാ സ്ഥലംമാറ്റമാണെന്നോ, അന്തർജില്ലാ സ്ഥലംമാറ്റ വ്യവസ്ഥകൾ ബാധകമാണെന്നോ, സീനിയോരിറ്റി നഷ്ടപ്പെടുന്നതാണെന്നോ വ്യവസ്ഥ ചെയ്തിരുന്നില്ല. ഇത്തരത്തിൽ വ്യവസ്ഥകളില്ലാതെ നടത്തിയ സ്ഥലംമാറ്റത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയാണ് ടിയാളുകളുടെ സീനിയോരിറ്റി നിഷേധിച്ചിരിക്കുന്നത്. നടപടികളിൽ വന്ന വീഴ്ച മൂലം ട്രാൻസ്ഫറിന്റെ പേരിൽ ഒരാളുടെ സീനിയോരിറ്റി നിഷേധിക്കുന്നത് നീതിയുക്തമല്ല. അതിനാൽ ഈ വിഷയത്തിൽ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച പരിഹരിക്കുന്നതിനായി ഇതിനായി പുറപ്പെടുവിച്ച നടപടിക്രമം റദ്ദ്/ഭേദഗതി ചെയ്തു ടിയാളുകളുടെ സീനിയോരിറ്റിയെ ബാധിക്കാത്ത തരത്തിൽ പുന:ക്രമീകരിക്കേണ്ടതാണ് എന്ന് കാണുന്നു.

7. മേൽ സാഹചര്യത്തിൽ പൊതുസ്ഥലംമാറ്റ ഉത്തരവുകളിലാണ് ശ്രീമതി. ബെസ്സി സെബാസ്റ്റ്യൻ, ശ്രീമതി. രമ്യാതോമസ്, ശ്രീ. വിമൽ വി എന്നിവർക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളതെന്നതിനാൽ ടി. ഉത്തരവുകൾ ഭാഗികമായി ഭേദഗതി വരുത്തി ഇവരുടെ സീനിയോരിറ്റി നഷ്ടപ്പെടുത്താതെ ജോലിയിൽ പ്രവേശിച്ച ജില്ലയിൽ, സ്ഥലം മാറ്റിയ തീയതിമുതൽക്ക് തിരികെ മാറ്റി നിയമിയ്ക്കുന്നതിനും, വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ തെറ്റായ നടപടിക്രമം റദ്ദ്/ഭേദഗതി ചെയ്തു സീനിയോരിറ്റിയെ ബാധിക്കാത്ത തരത്തിൽ പുന:ക്രമീകരിക്കുന്നതിനും നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ടിയാളുകളുടെ അപേക്ഷകൾ തീർപ്പാക്കി ഉത്തരവാകുന്നു.

8. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 24.01.2018 ലെ ഉത്തരവിലെ നിർദ്ദേശം മേൽപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീമതി. ബെസ്സി സെബാസ്റ്റ്യൻ, സീനിയർ ക്ലർക്ക്, നോർത്ത് പറവൂർ നഗരസഭ

ശ്രീമതി. രമ്യാതോമസ്,സീനിയർ ക്ലർക്ക്, ചെങ്ങന്നൂർ നഗരസഭ

ശ്രീ. വിമൽ വി , സീനിയർ ക്ലർക്ക്, കൊല്ലം നഗരസഭ

ഉ.ഭ.പ.വകുപ്പ്(04.10.2018 ലെ എ.ആർ.14-1/143/2018/ഉഭപവ- നമ്പർ കുറിപ്പ് പ്രകാരം)

ധനവകുപ്പ്(10.12.2018 ലെ ധെവ-1/352/2018-ഫിൻ നമ്പർ കുറിപ്പ്പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ